## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232 — 10/10/2011-ൽ മറുപടിയ്ക്ക്

### ലോക്കൽ പർച്ചേസ് നടപടിക്രമം

ചോദ്യം — മറുപടി

ശ്രീ. സി. എഫ്. തോമസ്:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുവാനുള്ള നടപടിക്രമത്തിലെ പ്രയാസങ്ങൾ കാരണം യഥാസമയം മരുന്നുകൾ വാങ്ങുവാൻ സാധിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും ആരോഗ്യ വകുപ്പിനും കീഴിലുള്ള എല്ലാ ആശുപത്രികളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ അത്യാവശ്യഘട്ടങ്ങളിൽ ചില വിലകൂടിയ മരുന്നുകൾ RSBY, HDC (Hospital Development Committee) വഴി ലോക്കൽ പർച്ചേസ് മുഖേന Tribal, BPL വിഭാഗക്കാരായ രോഗികൾക്ക് വാങ്ങി നൽകാറുണ്ട്. ലോക്കൽ പർച്ചേസ് നടത്തുമ്പോൾ പലപ്പോഴും മരുന്നുകൾക്ക് അമിതവില നൽകേണ്ടി വരുന്നുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ സർക്കാർ ഇത്തരം മരുന്നുകളുടെ ലിസ്റ്റ് സ്പെഷ്യാലിറ്റി ഡോക്ടർമാരിൽ നിന്നും ശേഖരിക്കുകയും അവ നിർമ്മിക്കുന്ന കമ്പനികളുമായി നേരിട്ട് ചർച്ച നടത്തി എം.ആർ. പി യിൽ നിന്നും ഏറ്റവും വില കുറച്ച് രോഗികൾക്ക് നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയും ഹോസ്പിറ്റൽ ഡവലപ്മെൻറ് സൊസൈറ്റി വഴിയും ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ലോക്കൽ പർച്ചേസിനുള്ള നടപടിക്രമം ലഘൂകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ആരോഗ്യ വകുപ്പിനു കീഴിലുള്ള മെഡിക്കൽ ഓഫീസർമാർക്ക് ഒരു സമയം 50,000/- (അൻപതിനായിരം രൂപ) വരെ വില വരുന്ന മരുന്നുകൾ ലോക്കൽ പർച്ചേസ് ചെയ്യാം. 501 ബഡ്ഡിൽ കൂടുതലുള്ള ആശുപത്രി സൂപ്രണ്ടിന് 25,000/- (ഇരുപത്തി അയ്യായിരം രൂപ) വരെയും 51 മുതൽ 500 വരെ ബഡ്ഡുള്ള ആശുപത്രി സൂപ്രണ്ടിന് 20,000/- (ഇരുപതിനായിരം രൂപ) വരെയും 50 ബഡ്ഡു വരെയുള്ള ആശുപത്രിയിലെ മെഡിക്കൽ ഓഫീസർമാർക്ക് 5000/- (അയ്യായിരം രൂപ) വരെ എന്ന നിരക്കിൽ സ്റ്റോർ പർച്ചേസ് നിയമപ്രകാരമല്ലാതെ മരുന്നുകൾ വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ